**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2817** **13-02-2024 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | '**സൗര**' പദ്ധതിയുടെ കീഴിൽ കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 188.33 മെഗാവാട്ടിന്റെ 45,496 നിലയങ്ങൾ കെ.എസ്.ഇ.ബി.എൽ. മുഖേന കമ്മീഷൻ ചെയ്തു. 10 മെഗാവാട്ട് ശേഷിയുള്ള പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നു വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി 2219 വീടുകളിലായി ഇതുവരെ 6.1 MW ശേഷിയുള്ള പവർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിച്ചു. |
| (ബി) | മട്ടന്നൂർ മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി എത്ര വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | മട്ടന്നൂർ മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ. ബി.എൽ. മുഖേന 180 വീടുകളിൽ 708.91 kW സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും അനെർട്ട് മുഖേന 6 വീടുകളിലായി ആകെ 22 kW ശേഷിയുള്ള ഓൺ ഗ്രിഡ് സൗരോർജ്ജ പവർ പ്ലാന്റുകളും സ്ഥാപിച്ചു. |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി ഗാർഹിക ഗാർഹികേതര മേഖലയിൽ സബ്സിഡി രഹിത സൗരോർജ്ജ ഉല്പാദനത്തിനായി 100 മെഗാവാട്ടിന്റെ മറ്റൊരു ടെൻഡർ കൂടി കെ.എസ്.ഇ.ബി.എൽ. വിളിച്ചിട്ടുണ്ട്. ടെൻഡർ നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. ഇപ്പോൾ നടപ്പിലാക്കി വരുന്ന ഫേസ് - 1 പദ്ധതിക്ക് 200 മെഗാവാട്ടാണ് എം.എൻ.ആർ.ഇ. അനുവദിച്ചിരിക്കുന്നത്. ഈ പദ്ധതിയിലും പ്ലാന്റുകൾ സ്ഥാപിച്ചു വരുന്നു. പദ്ധതിയുടെ കാലാവധി 2024 മാർച്ച് 23 വരെയാണ്.<br><br>ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് '**സൗരതേജസ്സ്**' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. കെ.എസ്.ഇ .ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. |

സെക്ഷൻ ഓഫീസർ